**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2743** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഏറനാട് മണ്ഡലത്തിൽ എത്ര പട്ടിക ജാതി - പട്ടിക വർഗ്ഗ നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ നഗറിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | **ഈ സർക്കാരിന്റെ കാലത്ത് ഏറനാട് മണ്ഡലത്തിലെ കൊടിഞ്ഞാറുപൊയിൽ പട്ടികജാതി നഗർ, കരിപ്പത്തിച്ചാലിൽ പട്ടികജാതി നഗർ എന്നീ രണ്ട് നഗറുകളെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിലും, ചോലാറ പട്ടികവർഗ്ഗ ഉന്നതിയെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും തെരഞ്ഞെടുത്തിട്ടുണ്ട്.**<br><br>**കൊടിഞ്ഞാറുപൊയിൽ നഗറിൽ 99,98,854/- രൂപയും, കരിപ്പത്തിച്ചാലിൽ നഗറിൽ 99,64,049/- രൂപയും പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചിട്ടുണ്ട്.**<br><br>**ചോലാറ പട്ടികവർഗ്ഗ ഉന്നതിയിൽ ഒരു കോടി രൂപയിൽ അധികരിക്കാത്ത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | മണ്ഡലത്തിൽ 2023-24 വർഷം ഉൾപ്പെടുത്തിയ എടവണ്ണ പഞ്ചായത്തിലെ കൊടിഞ്ഞാറുപൊയിൽ, ഊർങ്ങാട്ടിരി പഞ്ചായത്തിലെ കരിപ്പാത്തിചാലിൽ എന്നീ നഗറുകളുടെ നവീകരണം സംബന്ധിച്ച പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; പ്രസ്തുത നഗറുകളുടെ നിർമ്മാണം വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കൊടിഞ്ഞാറുപൊയിൽ, കരിപ്പാത്തിചാലിൽ എന്നീ നഗറുകളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.<br><br>കൊടിഞ്ഞാറുപൊയിൽ നഗറിൽ പ്രവർത്തികൾ ഏകദേശം 40% പൂർത്തീകരിച്ചിട്ടുണ്ട്. ഉൾറോഡ്/ നടപ്പാത നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 18,70,037/-രൂപയുടെ പാർട്ട് ബില്ല് നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുണ്ട്.<br><br>കരിപ്പാത്തിച്ചാലിൽ നഗറിലെ പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൊടിഞ്ഞാറു പൊയിൽ, കരിപ്പാത്തിച്ചാലിൽ നഗറുകളിലെ നിർമ്മാണ പ്രവർത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ മാളികതൊടായി നഗറിനെ 2024-25 വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നല്കിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; പുതിയ നഗറുകളെ ഉൾപ്പെടുത്തി ഇറങ്ങിയ ഉത്തരവിൽ പ്രസ്തുത നഗർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | മാളികതൊടായി നഗറിനെ അംബേദ്കർ ഗ്രാമം/ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ